# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17-06-2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ആരോഗ്യ-രംഗത്തും വികസനത്തിലും ആഗോള സഹകരണം ശക്തമാക്കാൻ ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളുമായി കൈകോർത്ത് ജി-7 സഖ്യം.

   **The G7 nations have announced a series of initiatives to strengthen global health and development cooperation, with several partner countries, including India.**

2. പ്രധാനമന്ത്രി നരേന്ദ്ര മോദിയും യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപും ജി-7 ഉച്ചകോടിക്കിടെ ഇന്ന് ഉഭയകക്ഷി കൂടിക്കാഴ്ച നടത്തും.

   **Prime Minister Narendra Modi and U.S. President Donald Trump will hold a bilateral meeting today on the sidelines of the G7 Summit.**

3. യമുനാ നദിയുടെ പുനരുജ്ജീവനം ലക്ഷ്യമിടുന്ന കിഷാവു പദ്ധതിയുമായി മുന്നോട്ട് പോകാൻ ആറ് സംസ്ഥാനങ്ങൾ ധാരണയിലെത്തി.

   **Six states have reached an agreement to move forward with the Kishau Project aimed at the rejuvenation of the Yamuna River.**

4. നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട വ്യാജ പ്രചാരണങ്ങൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് നാഷണൽ ടെസ്റ്റിംഗ് ഏജൻസി.
   **National Testing Agency (NTA) has urged parents and candidates to beware of scammers ahead of NEET examinations.**

5. കേരളത്തിൽ ചിലയിടങ്ങളിൽ മഴയ്ക്ക് സാധ്യത; പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.
   **Rain is likely at isolated places in Keralam. A yellow alert has been issued today in Pathanamthitta and Idukki.**

6. ഫിഫ ലോകകപ്പിൽ അർജൻറീന - അൾജീരിയ മത്സരം പുരോഗമിക്കുന്നു; സെനഗലിനെതിരെ ഫ്രാൻസിന് വിജയത്തുടക്കം; ഗോൾവേട്ടയിൽ ലയണൽ മെസ്സിയെ മറികടന്ന് കിലിയൻ എംബാപ്പെ.
   **France began their FIFA World Cup campaign with a victory over Senegal. Kylian Mbappé surpassed Lionel Messi on the tournament's all-time goalscoring chart.**

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## G7 ADOPTION (INTRO)

ആരോഗ്യ-രംഗത്തും വികസനത്തിലും ആഗോള സഹകരണം ശക്തമാക്കാൻ ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളുമായി കൈകോർത്ത് ജി-7 സഖ്യം. അർബുദ നിർമാർജനത്തിനും പ്രതിരോധത്തിനുമുള്ള ആഗോള പോരാട്ടം ശക്തമാക്കാൻ ഉച്ചകോടിയിൽ തീരുമാനമായി.

**വിശദാംശങ്ങൾ.....**

(വോയ്സ്)

## G7 ADOPTION (VOICE)

ഇന്ത്യ ഉൾപ്പെടെയുള്ള പങ്കാളിത്ത രാജ്യങ്ങളുമായി ചേർന്ന് ആഗോളതലത്തിൽ ആരോഗ്യ—വികസന രംഗത്ത് സഹകരണം ശക്തമാക്കുന്നതിനുള്ള സുപ്രധാന പദ്ധതികൾ ജി-7 രാഷ്ട്രങ്ങൾ പ്രഖ്യാപിച്ചു. കോംഗോയിലും ഉഗാണ്ടയിലും പടരുന്ന എബോള വൈറസിനെതിരെ അന്താരാഷ്ട്ര തലത്തിൽ ഏകോപിത പ്രതിരോധത്തിന് ഫ്രാൻസിൽ ചേർന്ന ഉച്ചകോടി ആഹ്വാനം ചെയ്തു. സമ്പർക്കപ്പട്ടിക തയ്യാറാക്കൽ, അതിർത്തി നിരീക്ഷണം, പ്രാദേശിക ജനപങ്കാളിത്തം ഉറപ്പാക്കൽ എന്നിവയുൾപ്പെടെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കണമെന്ന ആഹ്വാനം ഇന്ത്യ, ഈജിപ്ത്, കെനിയ, ദക്ഷിണ കൊറിയ എന്നീ രാജ്യങ്ങളും പങ്കുവച്ചു. അപൂർവ വൈറസ് വകഭേദങ്ങൾക്കെതിരെയുള്ള വാക്സിൻ, രോഗനിർണ്ണയ സംവിധാനം, ചികിത്സ എന്നിവക്ക് പിന്തുണ നൽകുമെന്നും നേതാക്കൾ ഉറപ്പുനൽകി.

ആഗോളതലത്തിൽ അർബുദത്തിനെതിരെയുള്ള പോരാട്ടം വേഗത്തിലാക്കാനുള്ള പ്രതിജ്ഞാബദ്ധത ജി—7 ആവർത്തിച്ചു. അർബുദ ഗവേഷണ രംഗത്തെ സഹകരണവും പുത്തൻ സാങ്കേതികവിദ്യകളുടെ ഉപയോഗവും പ്രോത്സാഹിപ്പിക്കുമെന്നും ഉച്ചകോടി വ്യക്തമാക്കി. ദുർബല രാജ്യങ്ങളെ സഹായിക്കുന്നതിനും സുസ്ഥിര സാമ്പത്തിക വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനുമായി അന്താരാഷ്ട്ര വികസന- നിക്ഷേപ ധനസഹായ രംഗത്ത് സഹകരണം തുടരുമെന്നും ജി-7 കൂട്ടായ്മ അറിയിച്ചു.

**ന്യൂസ് ഡെസ്ക്, ആകാശവാണി....**

## PM TRUMP MEETING

ജി-7 ഉച്ചകോടിക്കിടെ, പ്രധാനമന്ത്രി നരേന്ദ്ര മോദിയും യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപും തമ്മിലുള്ള ഉഭയകക്ഷി കൂടിക്കാഴ്ച ഇന്ന് നടക്കും. 2025 ഫെബ്രുവരിയിൽ വാഷിംഗ്ടൺ ഡിസിയിൽ നടന്ന

കൂടിക്കാഴ്ചയ്ക്ക് ശേഷം ഇരു നേതാക്കളും നേരിട്ട് ചർച്ച നടത്തുന്നത് ഇതാദ്യമായാണ്. വിവിധ മേഖലകളിൽ ഉഭയകക്ഷി സഹകരണം ശക്തമാക്കുന്നതിനൊപ്പം പ്രാദേശികവും അന്തർദ്ദേശീയവുമായ പ്രാധാന്യമുള്ള വിഷയങ്ങളും ഇരുവരും ചർച്ചചെയ്യും. സുസ്ഥിര സാമ്പത്തിക വളർച്ച, നിർമിതബുദ്ധി എന്നിവയെക്കുറിച്ചുള്ള ജി-7 സെഷനുകളിൽ പ്രധാനമന്ത്രി ഇന്ന് പങ്കെടുക്കും. ജർമ്മൻ ചാൻസലറുമായും യൂറോപ്യൻ യൂണിയൻ നേതാക്കളുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും. ഇന്നലെ യു.കെ, കാനഡ, യുഎഇ ഭരണത്തലവന്മാരുമായി പ്രധാനമന്ത്രി ചർച്ച നടത്തി.

## SLOVAKIA – PM VISIT (INTRO)

ഇന്ത്യൻ പ്രധാനമന്ത്രിയുടെ ആദ്യ സ്ലോവാകിയൻ സന്ദർശനം സാങ്കേതികവിദ്യ അടക്കം വിവിധ മേഖലകളിൽ വൻ കുതിച്ചു ചാട്ടത്തിനു വഴിയൊരുക്കുമെന്ന് സ്ലോവാകിയയിലെ ഇന്ത്യൻ അംബാസിഡർ അപൂർവ്വ ശ്രീവാസ്തവ. ഇരു രാജ്യങ്ങളിലേയും ജനങ്ങൾ തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമാക്കാനും ഇത് സഹായകമാകുമെന്നും അദ്ദേഹം ആകാശവാണിയോടു സംസാരിക്കവെ വ്യക്തമാക്കി.

**കൂടുതൽ വിവരങ്ങളുമായി സ്ലോവാക് റിപബ്ലിക്കിലെ ബ്രാട്ടിസ്ലാവയിൽ നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം. പള്ളുരുത്തി.**

(വോയിസ്)

## HOME MINISTER – KISHAU PROJECT

യമുനാ നദിയുടെ പുനരുജ്ജീവനവും ശുചീകരണവും ലക്ഷ്യമിട്ട് കിഷാവു ഡാം പദ്ധതിക്ക് വഴിതുറക്കുന്നു. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ നടന്ന നിർണായക യോഗത്തിൽ ആറ് സംസ്ഥാനങ്ങൾ പദ്ധതിയുമായി മുന്നോട്ട് പോകാൻ ധാരണയിലെത്തി. ഹിമാചൽ പ്രദേശ്,

ഉത്തരാഖണ്ഡ്, ഡൽഹി, ഉത്തർപ്രദേശ്, ഹരിയാന, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളാണ് പദ്ധതിക്കായുള്ള ധാരണാപത്രത്തിൽ ഒപ്പുവെക്കാൻ സമ്മതിച്ചത്. ധാരണാപത്രം ഒപ്പുവെച്ച ശേഷം പദ്ധതി അംഗീകാരത്തിനായി കേന്ദ്ര മന്ത്രിസഭയുടെ മുൻപാകെ സമർപ്പിക്കും.

## YOGA

അന്താരാഷ്ട്ര യോഗാ ദിനത്തിനുള്ള വിപുലമായ ഒരുക്കങ്ങൾ രാജ്യത്ത് പുരോഗമിക്കുന്നു. കൊൽക്കത്തയിൽ യോഗ ദിനാചരണ പരിപാടികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നേതൃത്വം നൽകും. യോഗ ദിനത്തിന് മുന്നോടിയായി മുംബൈയിലെ വോർലി സൈക്കിൾ ട്രാക്കിൽ ഇന്ന് ഫിറ്റ് ഇന്ത്യ സൈക്ലത്തോൺ സംഘടിപ്പിക്കും. കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ പരിപാടി ഉദ്ഘാടനം ചെയ്യും. "ആരോഗ്യകരമായ വാർദ്ധക്യത്തിന് യോഗ" എന്നതാണ് ഈ മാസം 21 ന് ആചരിക്കുന്ന യോഗ ദിനത്തിൻറെ പ്രമേയം.

## IDY - TVM

അന്താരാഷ്ട്ര യോഗദിനം സംബന്ധിച്ചുള്ള കൂടിയാലോചനാ യോഗം തിരുവനന്തപുരം ലോക്ഭവൻ ഓഡിറ്റോറിയത്തിൽ നടന്നു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറുടെ അധ്യക്ഷതയിലായിരുന്നു യോഗം. സർവ്വകലാശാല വൈസ് ചാൻസലർമാർ, ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്നവർ, വിവിധ സന്നദ്ധ സംഘടനാ പ്രവർത്തകർ, മേരാ യുവ ഭാരത്, ആയുഷ് മിഷൻ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

## CENSUS

കേരളത്തിൽ സെൻസസ് 2027 ഒന്നാം ഘട്ട നടപടിക്രമങ്ങൾക്ക് തുടക്കമായി. ലോക്ഭവനിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ

ആർലേക്കർ സെൽഫ് എന്യൂമറേഷൻ പൂർത്തിയാക്കിയതോടെയാണ് സെൻസസ് ഒന്നാം ഘട്ടത്തിന് തുടക്കമായത്. സെൻസസ് പ്രക്രിയകളിൽ എന്യൂമറേറ്റർമാരുമായി ജനങ്ങൾ പൂർണമായും സഹകരിക്കണമെന്ന് ഗവർണർ ജനങ്ങളോട് ആഹ്വാനം ചെയ്തു. se.census.gov.in എന്ന പോർട്ടലിലൂടെ ജനങ്ങൾക്ക് വിവരങ്ങൾ സമർപ്പിക്കാം. അടുത്ത ഘട്ട പ്രവർത്തനങ്ങൾ ജൂലൈ ഒന്ന് മുതൽ ആരംഭിക്കും.

********************

## NIPAH UPDATE

നിപ രോഗലക്ഷണങ്ങളുമായി കോഴിക്കോട് ആശുപത്രിയിൽ നിരീക്ഷണത്തിൽ പ്രവേശിപ്പിച്ചിരുന്ന രണ്ടുപേരെ കൂടി ഡിസ്ചാർജ് ചെയ്തു. ഇവരുടെ പരിശോധനാഫലം നേരത്തെ നെഗറ്റീവ് ആയിരുന്നു. 5 പേർ നിരീക്ഷണത്തിൽ തുടരുകയാണ്. കോഴിക്കോട് ജില്ലയിൽ പുതിയ നിപ കേസുകൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. അതെസമയം, സംസ്ഥാനത്തെ നിപ - ഷിഗെല്ല പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കിയതായി ആരോഗ്യമന്ത്രി കെ മുരളീധരൻ അറിയിച്ചു. പകർച്ച വ്യാധി വ്യാപനം നിയന്ത്രിക്കാൻ ഉന്നതാധികാര സമിതിയെ രൂപീകരിച്ചതായും അദ്ദേഹം പറഞ്ഞു.

********************

## RAIN - KERALA

സംസ്ഥാനത്ത് ചിലയിടങ്ങളിൽ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

********************

## NTA DG-NEET

നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട വ്യാജ പ്രചാരണങ്ങൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് നാഷണൽ ടെസ്റ്റിംഗ് ഏജൻസി.

പുനഃപരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നു എന്ന തരത്തിൽ ടെലിഗ്രാമിൽ ചില ചാനലുകൾ സജീവമാണെന്നും 14,000 രൂപ മുതൽ 25,000 രൂപ വരെയാണ് ആവശ്യപ്പെടുന്നതെന്നും എൻ.ടി.എ അറിയിച്ചു. എന്നാൽ ചോദ്യപേപ്പർ ചോർന്നിട്ടില്ലെന്നും ഇത്തരം പ്രചാരണങ്ങൾ പൂർണ്ണമായും വ്യാജമാണെന്നും എൻ.ടി.എ വ്യക്തമാക്കി.

********************

## GOVT – 12 YEARS – HERITAGE (INRO)

സാംസ്കാരിക പൈതൃക സംരക്ഷണത്തിൽ കഴിഞ്ഞ 12 വർഷം ഇന്ത്യക്ക് സുവർണ്ണകാലമായിരുന്നു. ഈ മേഖലയിൽ കൈവരിച്ച മുന്നേറ്റങ്ങളെ കുറിച്ച്...

**ഒരു റിപ്പോർട്ട്.....**

(വോയിസ്)

## GOVT – 12 YEARS – HERITAGE (VOICE)

കഴിഞ്ഞ 12 വർഷത്തിനിടെ രാജ്യത്തിന്റെ സാംസ്കാരികവും നാഗരികവുമായ പൈതൃകം വീണ്ടെടുക്കുന്നതിന് നിരവധി ചരിത്രപരമായ പദ്ധതികളാണ് കേന്ദ്ര സർക്കാർ നടപ്പിലാക്കിയത്. 2024 ൽ പരമ്പരാഗത നഗര ശൈലിയിൽ നിർമ്മിച്ച അയോധ്യയിലെ ശ്രീരാമ ക്ഷേത്രം, ഭക്തിയുടെയും ഇന്ത്യയുടെ വാസ്തുവിദ്യാ മികവിന്റെയും പ്രതീകമായി മാറി. 2022 ൽ മധ്യപ്രദേശിലെ ഉജ്ജയിനിൽ ഏകദേശം 850 കോടി രൂപ ചിലവഴിച്ച് ഒന്നാം ഘട്ടം പൂർത്തിയായ മഹാകാൽ ലോക് ഇടനാഴിയിൽ അത്യാധുനിക സാങ്കേതികവിദ്യയും നിർമ്മിത ബുദ്ധിയും സമന്വയിപ്പിച്ചിരിക്കുന്നു. 2021 ൽ ഉദ്ഘാടനം ചെയ്ത കാശി വിശ്വനാഥ് കോറിഡോർ ചരിത്രപ്രസിദ്ധമായ കാശി വിശ്വനാഥ ക്ഷേത്രത്തെ ഗംഗാ നദിയുമായി നേരിട്ട് ബന്ധിപ്പിക്കുന്നു. വാരാണസിയിൽ മാത്രം 48,000 കോടിയിലധികം രൂപയുടെ 580 വികസന പദ്ധതികൾക്കാണ് തുടക്കമിട്ടത്.

ന്യൂസ് ഡെസ്ക്, ആകാശവാണി.

********************

## FIFA WORLD CUP

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ആഫ്രിക്കൻ ശക്തിയായ സെനഗലിനെ ഒന്നിനെതിരെ മൂന്ന് ഗോളുകൾക്ക് തകർത്ത് ഫ്രാൻസിന് വിജയത്തുടക്കം. ന്യൂജേഴ്സി സ്റ്റേഡിയത്തിൽ നടന്ന ആവേശപ്പോരാട്ടത്തിൽ രണ്ട് ഗോൾ നേടിയ കിലിയൻ എംബാപ്പെ 58 ഗോളുകളോടെ ഫ്രാൻസിന്റെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന ഗോൾവേട്ടക്കാരനായി. ലോകകപ്പ് ഗോൾപട്ടികയിൽ ലയണൽ മെസ്സിയെയും എംബാപ്പെ മറികടന്നു. കളിയുടെ ആദ്യ പകുതിയിൽ സെനഗൽ കടുത്ത വെല്ലുവിളി ഉയർത്തിയെങ്കിലും രണ്ടാം പകുതിയിൽ ഫ്രാൻസ് കളം നിറഞ്ഞു. ഇന്ന് പുലർച്ചെ നടന്ന ഗ്രൂപ്പ് ഐ യിലെ രണ്ടാം മത്സരത്തിൽ, നോർവേ ഒന്നിനെതിരെ നാല് ഗോളിന് ഇറാഖിനെ വീഴ്ത്തി. ലോകകപ്പിലെ അരങ്ങേറ്റ മത്സരത്തിൽ തിളങ്ങിയ സൂപ്പർതാരം എർലിങ് ഹാളണ്ട് ഇരട്ടഗോൾ നേടി.

********************

## ARGENTINA

ലോകകപ്പിൽ ആരാധകർ കാത്തിരുന്ന അർജന്റീനയുടെ ആദ്യമത്സരം പുരോഗമിക്കുന്നു. കളിയുടെ ആദ്യ പകുതിയിൽ അൾജീരിയക്കെതിരെ അർജന്റീന ഒരു ഗോളിന് മുന്നിലാണ്. പതിനേഴാം മിനിറ്റിൽ ഇതിഹാസ താരം ലയണൽ മെസ്സിയുടെ മാജിക്കിലാണ് അർജന്റീനയുടെ ഗോൾ പിറന്നത്.

********************

## T20 WC – IND VS NED

ഇംഗ്ലണ്ടിൽ നടക്കുന്ന ഐ.സി.സി വനിതാ ട്വന്റി-20 ലോകകപ്പിലെ രണ്ടാം ഗ്രൂപ്പ് മത്സരത്തിൽ ഇന്ത്യ ഇന്ന് നെതർലൻഡ്സിനെ നേരിടും. ലീഡ്സിലെ ഹെഡിങ്ലിയിൽ ഇന്ത്യൻ സമയം വൈകിട്ട് 7 മണിക്കാണ് മത്സരം.

## PADMA AWARD

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ ഈ മാസം 23 ന് നടക്കുന്ന ചടങ്ങിൽ നടൻ മമ്മൂട്ടി പദ്മഭൂഷൺ സ്വീകരിക്കും. കഴിഞ്ഞ മാസം ആദ്യം, 66 പേർക്ക് പത്മ പുരസ്കാരം സമ്മാനിച്ചിരുന്നു.